## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 4514

22.07.2015-ൽ മറുപടിക്ക്.

### മാവേലിക്കര, ചാരുംമൂട് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ പ്രധാന പട്ടണമായ ചാരുമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ചാരുമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചോ; | : | (എ)യും (ബി)യും) ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുള്ളതാണ്. അടുത്ത 5 വർഷത്തിനുള്ളിൽ തുടങ്ങാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് മുൻഗണന നൽകി വരുന്നുള്ളൂ. എന്നിരുന്നാലും ചാരുമൂട് കേന്ദ്രമക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിലേക്കായി താമരക്കുളം പഞ്ചായത്ത് വക സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ചാരുമൂട്, താമരക്കുളം, ചുനക്കര, പാലമേൽ, നൂറനാട്, വള്ളിക്കുന്നം പ്രദേശങ്ങളിൽ അത്യാഹിതം സംഭവിച്ചാൽ കായംകുളം, മാവേലിക്കര, അടൂർ സ്റ്റേഷനുകളിൽ നിന്നും ഫയർഫോഴ്സ് 15 കി.മീറ്ററിലധികം സഞ്ചരിച്ചാണ് ഇവിടെ എത്തിച്ചേരേണ്ടത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | : | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ചാരുമൂട്ടിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | : | (ഡി) താമരക്കുളം പഞ്ചായത്തിലെ ചാരുംമൂട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കല്ലട ഇറിഗേഷൻ പ്രൊജക്ട് (കെ.ഐ.പി) ന്റെ വക സ്ഥലവും കെട്ടിടവും വിട്ടു നൽകുന്നതിന് താമരക്കുളം പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയത്തിൻമേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

V Beena

സെക്ഷൻ ഓഫീസർ